ശ്രീ. കെ. മാധ്വൻ : എത്ര കാലത്തിനകം ഈ ബോർഡിനെക്കൊണ്ട് തീരുമാനം എടുപ്പിക്കുവാൻ കഴിയുമെന്നാണ് പറയുന്നത്?

ശ്രീ. കെ. ടി. അച്യുതൻ : ചുരുങ്ങിയത് ആറു മാസത്തിനകം റിപ്പോർട്ട് വരും.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ബോട്ട് തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേജസ് റിവൈസ് ചെയ്യുന്നതിലേക്ക് കമ്മിറ്റിയെ വയ്ക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് എന്നത്തേയ്ക്ക് നടപ്പിൽ വരും?

ശ്രീ. കെ. ടി. അച്യുതൻ : ഗവണ്മെൻറിനു കിട്ടിക്കഴിഞ്ഞാൽ ചില വകുപ്പുകളുമായി ആലോചിച്ച ശേഷം ഒട്ടും കാലതാമസം കൂടാതെ നോട്ടിഫൈ ചെയ്യും. നോട്ടിഫൈ ചെയ്താൽ അതിൽ പറയും എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരുമെന്ന്.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാർ

*772. [17] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷത്തിൽ ഒരു വർഷത്തിൽക്കൂടുതൽ സർവ്വീസുള്ള എത്ര അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ട്; എത്ര ഫോംടൈം അദ്ധ്യാപകരെ പാർട്ട് ടൈം ആയി മാറ്റിയിട്ടുണ്ട്; അപ്രകാരം മാറ്റിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) ഗവണ്മെൻറിന്റെ നയംമാറ്റംകൊണ്ട് അദ്ധ്യാപകന്മാർ പിരിച്ചുവിടപ്പെടുകയോ തരംതാഴ്ത്തപ്പെടുകയോ ചെയ്ത സംഭവങ്ങളെപ്പറ്റി പുനഃപരിശോധന ചെയ്ത് അത്തരം എല്ലാ അദ്ധ്യാപകരേയും തിരിച്ചെടുക്കുന്നതിനു് ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ അദ്ധ്യയന വർഷത്തിൽ ഒരു വർഷത്തിൽ കൂടുതൽ സർവ്വീസുള്ള 117 അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ട്. 393 ഫുൾടൈം അദ്ധ്യാപകന്മാരെ പാർട്ട് ടൈം ആയി മാറ്റിയിട്ടുണ്ട്. ഈ വർഷത്തെ പുതിയ സിലബസ്സിൽ ചില വിഷയങ്ങൾക്ക് അനുവദിച്ചിട്ടുള്ള പീരിയേഡ് കുറഞ്ഞതുകൊണ്ടും പഴയ ഫോർമുല അനുസരിച്ചതന്നെയും കൂടികയും ഉണ്ടാകാത്തതുകൊണ്ട് കഴിഞ്ഞ കൊല്ലത്തെ ഡിവിഷനുകൾ നിലനില്ക്കാത്തതുകൊണ്ടും ഫുൾടൈം അദ്ധ്യാപകരെ പാർട്ട് ടൈം ആയി മാറ്റിയിട്ടുള്ളതാണ്.

(ബി) ഇക്കാര്യത്തിൽ പുനഃപരിശോധന ചെയ്യണമെന്ന് ഗവണ്മെൻറ് വിചാരിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ: അൺ ഇക്കണോമിക്ക് ആണെന്നുകണ്ട് പൂട്ടിക്കളയുവാൻ കല്പന കൊടുത്ത സ്കൂളിലെ അദ്ധ്യാപകരും ഇതിൽ ഉൾപ്പെടുമോ? ഉണ്ടെങ്കിൽ എത്രപേർക്ക് ഈ ആനുകൂല്യം ലഭിക്കും?

ശ്രീ. ആർ. ശങ്കർ: അങ്ങനെ പെർമനൻറ് ആയിട്ടുള്ള ടീച്ചേഴ്സിനെ സൂപ്പർ ന്യൂമററിയായിട്ട് വച്ചുകൊണ്ടിരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : പെരിന്തൽമണ്ണ പ്രൈമറി എയിഡഡ് സ്കൂൾ പൂട്ടിക്കളഞ്ഞതിന്റെ ഫലമായി യാതൊരു പരിഗണനയും അവിടെയുള്ള രണ്ട് അദ്ധ്യാപകർക്ക് കിട്ടിയിട്ടില്ല. ഈ കാര്യം ഒന്നിലധികം തവണ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ആ കാര്യത്തിൽ യാതൊരു നടപടിയും എടുത്തു കാണുന്നില്ല. ഇനിയെങ്കിലും എന്തെങ്കിലും ചെയ്യാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ നടപടി എടുത്തിട്ടുമുണ്ട്. ഡയറക്ടറുമായി ഈ വിഷയത്തെപ്പറ്റി സംസാരിച്ചപ്പോഴും Fully qualified ടീച്ചേഴ്സാണെങ്കിൽ പിരിച്ചുവിടാതിരിക്കുവാൻ ശ്രമിക്കാമെന്നുള്ള നിലപാടു് സ്വീകരിച്ചിരിക്കുകയാണു്.

ശ്രീ. പി. വി. വിശ്വംഭരൻ: ലോവർ പ്രൈമറിസ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ അഞ്ചാം സ്റ്റാൻഡേർഡ് നിറുത്തൽ ചെയ്യുന്നതിന്റെ ഫലമായി അധികം വരുന്ന ടീച്ചേഴ്സിനെ ഇങ്ങനെ സൂപ്പർ ന്യൂമററിയായിട്ട് തുടരുവാൻ അനുവദിക്കുമോ?

ശ്രീ. ആർ. ശങ്കർ: പെർമനന്റ് ടീച്ചേഴ്സിനെ പിരിച്ചുവിടാതിരിക്കുവാൻ പൊതുവിൽ വേണ്ട നടപടിയെടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: എല്ലാം യോഗ്യതയോടുകൂടി സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് അവരുടെ നിയന്ത്രണത്തിനു് അതീതമായ കാരണങ്ങളാൽ പിരിച്ചുവിടുമ്പോഴും ജോലി നഷ്ടപ്പെടേണ്ടതായി വരികയാണു്. ഇങ്ങനെയുള്ള കേസ്സുകളിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിടാൻ പാടില്ല എന്ന പൊതുവായ തത്വം സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ യാതൊരു വ്യവസ്ഥയും ചെയ്യാൻ പ്രയാസമാണു്. ഇപ്പോഴത്തെ ഒരു നയമായി സ്വീകരിച്ചിട്ടുള്ളതു് പെർമനന്റു് അദ്ധ്യാപകരെ പിരിച്ചു വിടാതിരിക്കുവാൻ നടപടി സ്വീകരിക്കുക എന്നുള്ളതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: പെർമനന്റു് അദ്ധ്യാപകർ അവരുടേതല്ലാത്തതായ കുറ്റംകൊണ്ടു്, പോളിസി ചേഞ്ചുകൊണ്ടോ, മറ്റു കാരണങ്ങൾകൊണ്ടോ സ്കൂൾ പൂട്ടുകയാണെങ്കിൽ അവരെ പിരിച്ചുവിടാതിരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. പത്തിരുപത്തഞ്ചു കൊല്ലവും മറ്റും സർവ്വീസുള്ള അദ്ധ്യാപകരെ ഇക്കണോമിക്കല്ലെ എന്നു പറഞ്ഞു സ്കൂൾ പൂട്ടിയിട്ട ഈ ഒരു വർഷമായിട്ടു് അവർ യാതൊരു ജോലിയുമില്ലാതെ—തെരുവാധാരമാണെന്നുതന്നെ പറയാം—അലഞ്ഞുനടക്കുന്ന സ്ഥിതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: ശ്രീ. ഈ. പി. ഗോപാലനും ഇതാണു് ചോദിച്ചതു്. അതിനു മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഈ. പി. ഗോപാലൻ: കാര്യവട്ടം ലോവർ പ്രൈമറി സ്കൂളിലെ രണ്ടു് അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടു് ഇന്നുവരെ എടുത്തിട്ടില്ല. ജോലി കൊടുക്കുന്നതിനു യാതൊരു സൗകര്യവും ഉണ്ടായിട്ടില്ല.

ശ്രീ. ആർ. ശങ്കർ: പ്രത്യേകമായിട്ട ഒരു സംഗതിയെപ്പറ്റി ചോദിച്ചു. നാരായണൻ നമ്പ്യാർ പൊതുവായി ചോദിച്ചു. ഈ വ്യത്യാസം ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഈ വിഷയം ഗവണ്മെന്റിന്റെ പരിഗണനയിൽ ഉണ്ടു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സൂപ്പർ ന്യൂമററിയായിട്ടുള്ളവർക്കുമേൽ അപ്പോയ്മെന്റിൽ ഗവണ്മെന്റു് സ്കൂളിലേക്കു് ട്രാൻസ്ഫർ ചെയ്തിട്ടു് ജോലി അവിടെ ചെയ്യുകയും, ശമ്പളം ഇവിടെ നിന്നും വാങ്ങാൻ വ്യവസ്ഥ ചെയ്തിരിക്കുകയും ചെയ്യുന്നതുകൊണ്ടു് ഗവണ്മെന്റു സ്കൂളിലെ അദ്ധ്യാപകർക്കു ലഭിക്കുന്ന ആനുകൂല്യം ഇവർക്കു കിട്ടാതെ വരുന്നു എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെന്റു സ്കൂളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കു കൊടുക്കേണ്ട എല്ലാ ആനുകൂല്യങ്ങളും കൊടുക്കുവാൻ ഗവണ്മെന്റു് നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സ്കൂൾ ക്ലോസ് ചെയ്തുകഴിഞ്ഞു, മാനേജർ താക്കോലുംകൊണ്ടു് വേറെ ഏതോ രാജ്യത്തും പോയി. പത്തുനാ-

LIBRARY ARCHIVES Kerala Legislative Assembly

മായി അവിടുള്ള അദ്ധ്യാപകക്ക് ശമ്പളവും കിട്ടിയിട്ടില്ല. പഠിപ്പിക്കാൻ ഇടമില്ല. പഠിക്കാൻ കുട്ടികളുമില്ല. ഇവരുടെ കാര്യം ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ? എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെയുള്ള കഷ്ടപ്പാട് അവർക്കുണ്ടാകരുതെന്നു കരുതി അവരെ ഡിപ്പാർട്ടുമെൻറിൽ അബ്സോർബ് ചെയ്യാൻ നടപടി എടുത്തുവരികയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: നിലവിലുള്ള സ്കൂൾവർഷത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുമ്പോൾ സർവ്വീസിൽ ഉള്ളവരും ടെയിനിംഗ് കഴിഞ്ഞവരുമായിട്ടുള്ള ആളുകൾ ഉണ്ട്. അടുത്ത വർഷം ആകുമ്പോൾ അഞ്ചാം ക്ലാസ് നിറുത്തൽ ചെയ്യുന്നതിൻെറ ഫലമായി പല അദ്ധ്യാപകർക്കും പിരിഞ്ഞു പോകേണ്ടതായി വരും. ഈ നടപടി നടത്തുന്നതിനുമുമ്പുതന്നെ ഇങ്ങനെ പിരിഞ്ഞു പോകേണ്ടിവരുന്ന അദ്ധ്യാപകരെ സംബന്ധിച്ച ഒരു തീരുമാനം നേരത്തെ എടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ: അതിനു നേരത്തെ ഉത്തരം പറഞ്ഞതാണ്.

ശ്രീ. എം. രവീന്ദ്രനാഥ്: ക്രാഫ്റ്റു നിറുത്തൽ ചെയ്യണമെന്നാണ് ഗവണ്മെൻറിൻെറ നയം. എന്നാൽ പുതുതായി നീഡിൽ വർക്കിനും ടീച്ചേഴ്സിനെ നിയമിക്കുന്നതായി കാണുന്നു. ഇതിലെ തത്വമെന്താണ്?

ശ്രീ. ആർ. ശങ്കർ: നീഡിൽ വർക്ക് ക്രാഫ്റ്റു് ആയിട്ടല്ല വച്ചിരിക്കുന്നത്. പെൺകുട്ടികൾ മാത്രമുള്ള സ്കൂളിൽ കുറച്ചു സംഗീതവും നീഡിൽവർക്കും അനുവദിക്കണമെന്നു വിചാരിക്കുന്നുണ്ട്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: കെ. ഇ. ആർ 13-ാം വകുപ്പനുസരിച്ചു് എയിഡഡ് സ്കൂൾ ഉടമസ്ഥപ്പെടുത്തുള്ള പള്ളിക്കൂടങ്ങളിൽ ഇവരെ നിയോഗിക്കുന്നതിനു ഗവണ്മെൻറിനധികാരമുണ്ട്. ആ അധികാരം ഉപയോഗിക്കുവാൻ ഗവണ്മെൻറിനു എന്താണ് ഇത്ര വിഷമം?

ശ്രീ. ആർ. ശങ്കർ: അങ്ങനെ അധികാരമുണ്ട്. അതു പ്രയോഗിക്കാനാണ് ആലോചിച്ചുകൊണ്ടിരിക്കുന്നതു്.

ഹരിജൻവെൽഫെയർ സ്കൂളുകളിലെ അദ്ധ്യാപകന്മാർ.

* 773. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻവെൽഫെയർ സ്കൂളുകളിൽ ജോലിചെയ്യുന്ന (കാളി ഫൈഡ് ടീച്ചേഴ്സിനു) ടി. ടി. സി. യും മറ്റും പാസായിട്ടുള്ള അദ്ധ്യാപികാദ്ധ്യാപകന്മാർക്ക് ഇൻക്രിമെൻറ് കൊടുക്കാതെയിരിക്കുന്നതിനുള്ള കാരണമെന്തു്;

(ബി) ഇൻക്രിമെൻറ് കൊടുക്കാൻ ഉടനെ നടപടിയെടുക്കുമോ;

(സി) ഇൻക്രിമെൻറ് കൊടുക്കുമ്പോൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിലവിലുള്ള സമ്പ്രദായം (മുഴുവൻ സർവ്വീസ് പരിഗണിച്ചു് ഇൻക്രിമെൻറ് നൽകുകയെന്നതു്) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ അദ്ധ്യാപിക അദ്ധ്യാപകന്മാർക്കും ബാധകമാക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഇൻക്രിമെൻറിനു അർഹതയുള്ള അദ്ധ്യാപകർക്കു ഇൻക്രിമെൻറു അനുവദിച്ചു കൊടുക്കുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സർവ്വീസ് ക്രമീകരിച്ചിട്ടില്ലാത്ത അനേകം അദ്ധ്യാപകർ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലുണ്ട്. അവരുടെ സർവ്വീസ് ക്രമീകരിക്കുമ്പോൾ അവർക്കും അർഹത അനുസരിച്ചു ഇൻക്രിമെൻറു കിട്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly